(എഫ്) നാല് വർക്കുകൾ ടെണ്ടർ ചെയ്യുകയും ടെണ്ടർ പിടിക്കുവാൻ ആളില്ലാത്തതിനാൽ രണ്ട് പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും രണ്ട് പണികൾ 29.6.1999ൽ റീ ടെണ്ടർ ചെയ്യുകയും ചെയ്തു.

79 (1185) കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവാക്കുട തീരപ്രദേശങ്ങളിലെ കടൽ തീരങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കടൽഭിത്തി നിർമ്മാണം ഇവിടെ ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വർക്കല പാപനാശം മുതൽ പരവൂർ തെക്കുഭാഗംവരെ കടൽത്തീര പ്രദേശങ്ങളിൽ ഏതൊക്കെ ഭാഗങ്ങളിൽ ഇനി പാറ അടുക്കൽ ബാക്കിയുണ്ടെന്നും എന്തൊക്കെ കാര്യങ്ങൾ ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ ഇടവായുടെ തീരപ്രദേശങ്ങളിൽ കൂടുതൽ കടലാക്രമണം അനുഭവപ്പെട്ട സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കടൽഭിത്തി നിർമ്മാണം ഇപ്പോൾ ഇടവ തീരപ്രദേശങ്ങളിൽ നടക്കുന്നില്ല. എന്നാൽ കടൽഭിത്തിക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താറുണ്ട്.

(ബി) വർക്കലയിൽ ആലിറക്കം, ജനാർദ്ദനപുരം, ഇടവ, കാപ്പിൽ എന്നീ ഭാഗങ്ങളിൽ ഇനി പാറ അടുക്കാൻ ഉണ്ട്. പാപനാശം ഭാഗത്തു കി.മീ. 66.060 നും, 66.900 നും ഇടയ്ക്ക് 750 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും, പാപനാശം ക്ലിഫ് ഭാഗത്ത് 364 മീറ്റർ നീളത്തിൽ ടൂറിസം ബീച്ചിന്റെ അടിയന്തിര സംരക്ഷണജോലിയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

80 (1186) ആലപ്പുഴ നഗരത്തിലെ കനാലുകളുടേയും കായലുകളുടേയും നവീകരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നഗരത്തിലെ കനാലുകളുടേയും കായലുകളുടേയും സംരക്ഷണത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കായലുകളുടേയും കനാലുകളുടേയും സംരക്ഷണത്തിനായി ഭിത്തി കെട്ടിയിട്ടുണ്ടോ; എങ്കിൽ എത്ര മീറ്റർ ദൂരം ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly